(ഡി) ഉണ്ട്.

(ഇ) 2002 ഒക്ടോബർ മുതൽ 2003 ഒക്ടോബർ വരെ അവന്തീസ് ഫാർമ എന്ന (എൽ 2) കമ്പനിയിൽനിന്ന് 2.5 കോടി രൂപ വില വരുന്ന വാക്സിൻ വാങ്ങിയിട്ടുണ്ട്.

(എഫ്) അരയോബ് വാക്സിനേക്കാൾ അവന്തീസ് ഫാർമയുടെ വാക്സിന് 34 രൂപ കൂടുതലാണ്.

(ജി) പേ വിഷ വാക്സിൻ ഇടപാടിൽ നഷ്ടം സംഭവിച്ചതായി എസ്റ്റിമേറ്റ് കമ്മിറ്റി കണ്ടെത്തിയതായി അവർ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(എച്ച്) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു.

(ഐ) പേ വിഷ വാക്സിൻ ഇടപാടിൽ നഷ്ടത്തിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉത്തരവാദിയാണെന്ന് തെളിയുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ജെ) റിപ്പോർട്ട് വിശദമായി പഠിച്ചതിനുശേഷമേ വിശദാംശങ്ങൾ വെളിപ്പെടുത്താൻ കഴിയുകയുള്ളു.

ഹവാല പണമിടപാടുകളെക്കുറിച്ച് അന്വേഷണം

* 12 [10] ശ്രീ. പി. സി. ജോർജ്:

" കെ. എ. ബാലൻ:

" മത്തായി ചാക്കോ:

" കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് കടത്തിയ ഹവാല പണമിടപാടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലേക്ക് കടത്തിയ ഹവാല പണം ആർക്കാണ് ലഭിച്ച തെന്നും അത് എന്തിനുവേണ്ടിയാണ് ഉപയോഗിച്ചതെന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതു സംബന്ധിച്ച് ഇന്റർ സ്റ്റേറ്റ് ഇൻറലിജൻസ് സപ്പോർട്ട് ടീം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എല്ലാ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും ഉൾക്കൊള്ളുന്ന മൾട്ടി എജൻസി സെന്റർ ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്രകോടി രൂപയുടെ ഹവാല പണമിടപാടുകൾ സംസ്ഥാനത്ത് നടന്നു എന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഹവാല (അനധികൃത പണം കടത്ത്) കേസ് അടിസ്ഥാനപരമായി 'ഫോറിൻ എക്സചേഞ്ച് മാനേജ്മെന്റ് ആക്ട് (FEMA)' പ്രകാരമുള്ള സിവിൽ സ്വഭാവമുള്ള കുറ്റമാണ്. ആയതിനാൽ ഇത്തരം കേസുകൾ അന്വേഷണം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആണ്. ഹവാല ഇടപാടുകൾ പ്രകാരം ലഭിച്ച പണത്തെക്കുറിച്ചോ അതിലുൾപ്പെട്ട ആൾക്കാരെക്കുറിച്ചോ ലഭിക്കുന്ന വിവരങ്ങൾ കൂടുതൽ അന്വേഷണത്തിനായി കേന്ദ്ര സർക്കാർ ഏജൻസികളെ ഏൽപ്പിച്ചു വരികയാണ് കേരള പോലീസ് ചെയ്യുന്നത്.

(ബി ആന്റ് സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റേതുൾപ്പെടെ വിവിധ അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തിവരികയാണ്. ഹവാല പണം ആത്യന്തികമായി ആർക്കാണ് ലഭിച്ചതെന്നും അത് എന്തിനുവേണ്ടിയാണ് ഉപയോഗിക്കപ്പെട്ടതെന്നും പോലീസ് ഡയറക്ടർ ജനറലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും എ.ഡി.ജി.പി. (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിലുള്ള ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഡി) എല്ലാ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും ഉൾക്കൊള്ളുന്ന മൾട്ടി ഏജൻസി സെന്റർ ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന നിർദ്ദേശം സംസ്ഥാന ഡി.ജി.പി. ഡൽഹിയിൽ 2004, നവമ്പർ മാസത്തിൽ നടന്ന ഡി.ജി.പി.-മാരുടെ കോൺഫറൻസിൽ സമർപ്പിക്കുകയുണ്ടായി.

(ഇ) തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തുന്ന ക്രൈം 313/സി.ആർ/പി.കെ.ഡി/03 യു.എസ്. 409, 467, 477 (എ) 120 (ബി) ഐ.പി.സി. പ്രകാരം 62.32 കോടി രൂപ പിൻവലിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുള്ളതുമാകുന്നു.

സുനാമി ദുരന്തം മൂലമുള്ള നാശനഷ്ടങ്ങൾ

* 13 [11] ശ്രീ. കെ. കെ. ഷാജു:

" എ. എൻ. രാജൻബാബു:

" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly